## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7474

14.07.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.എ.കെ.ബാലൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.എസ്.ശർമ്മ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റുന്നത് ഭരണഘടനാ വിരുദ്ധമാണോ ;<br><br>ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, താല്ക്കാലികമാണെങ്കിൽപ്പോലും വകമാറ്റുന്നത് വികേന്ദ്രീകൃതാസൂത്രണത്തെ എപ്രകാരം ബാധിക്കുന്നുവെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | എ) & ബി)<br>വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തഃസത്തക്കനുയോജ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ സംസ്ഥാന ധനകാര്യ കമ്മിഷനുകൾ കാലാകാലങ്ങളിൽ ശുപാർശകൾ തരാറുണ്ട്. ഇവ പരിശോധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാക്രമം നിശ്ചയിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത്. അവർക്ക് ആയതിന് പൂർണ്ണ സ്വാതന്ത്ര്യവുമുണ്ട്. അതുകൊണ്ട് തന്നെ വിനിയോഗ ക്രമങ്ങളെ സംബന്ധിച്ച് സർക്കാർ പലപ്പോഴും താത്ക്കാലികമോ അല്ലാതെയോ ഉള്ള നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. ഇവ ഭരണഘടനയ്ക്കോ വികേന്ദ്രീകൃതാസൂത്രണ ഉദ്ദേശലക്ഷ്യങ്ങൾക്കോ വിരുദ്ധമാണെന്ന് കരുതാനാവില്ല. |

സെക്ഷൻ ഓഫീസർ